## പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.4 — 25.04.2017-ൽ മറുപടിയ്ക്ക്**

### മദ്യപാന വിപത്തുകൾ സംബന്ധിച്ച സമഗ്രപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ. അബ്ദു റബ്ബ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ) മദ്യപാനം മനുഷ്യന്റെ ആരോഗ്യത്തെയും, ജീവിതക്രമത്തെയും ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | എ) പഠനവിധേയമാക്കിയിട്ടുണ്ട്. കേരളസംസ്ഥാന മാനസികാരോഗ്യ അതോറിറ്റി നടത്തിയ സർവ്വെയുടെ 2016-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ മറ്റു മാനസികാരോഗ്യ പ്രശ്നങ്ങളോടൊപ്പം മദ്യപാനവും പഠന വിധേയമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കേരളത്തിൽ 18 വയസ്സിനു മുകളിലുള്ളവരിൽ 1.46% പേർക്ക് മദ്യപാനവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അമിതമദ്യ ഉപയോഗം കേരളത്തിലെ മുതിർന്നവരിൽ 3.16% പേർക്ക് ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. മദ്യം ഉപയോഗിക്കുന്നവരിൽ പത്തിൽ ഒരാൾ അപകടകരമായ തോതിൽ ഉപയോഗിക്കുന്നു എന്ന് പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>മദ്യപാനം മനുഷ്യന്റെ ആരോഗ്യത്തേയും ജീവിതത്തേയും പല രീതിയിൽ ബാധിക്കുമെന്ന് പല പഠനങ്ങളും വ്യക്തമാക്കിയിട്ടുള്ളതാണ്. ഹെപ്പറ്റയിറ്റിസ്, സീറോസിസ്, ക്യാൻസർ തുടങ്ങിയ മാരകമായ കരൾ രോഗങ്ങളും, തലച്ചോറിനെ ബാധിക്കുന്നതുകൊണ്ടുണ്ടാകുന്ന മാനസിക രോഗങ്ങളും മദ്യപാനം കാരണം ഉണ്ടാകുന്നു. |

| | |
|---|---|
| ബി) മദ്യപരുടെ ആധിക്യം സംസ്ഥാനജനതയുടെ സാമൂഹ്യ ആരോഗ്യത്തെയും, വ്യവസ്ഥിതിയേയും എങ്ങനെയൊക്കെ ബാധിക്കുന്നു എന്നത് പഠനത്തിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ടോ; | ബി) സാമൂഹ്യ ആരോഗ്യത്തേയും വ്യവസ്ഥിതിയേയും മദ്യാപാനം പല രീതിയിൽ ബാധിക്കുന്നു. കുടുംബബന്ധങ്ങളിൽ ഉണ്ടാകുന്ന സ്വരചേർച്ചയില്ലായ്മ, കുടുംബകലഹം, ആത്മഹത്യ, ഡൊമസ്റ്റിക് വയലൻസ് എന്നിവയ്ക്കും ഇത് ഇടയാക്കും. ജോലിയ്ക്ക് പോകാതിരിക്കുക, മദ്യപാനത്തിന് കൂടുതൽ സമയവും, ധനവും ചിലവഴിക്കുക എന്നിവവഴി കുടുംബ ഭദ്രതയും സാമ്പത്തിക ഭദ്രതയും ഇല്ലാതാകുന്നു.<br>റോഡ് അപകടങ്ങൾ, അപകട മരണങ്ങൾ, കൊലപാതകങ്ങൾ, ലൈംഗിക അതിക്രമങ്ങൾ ഇടങ്ങിയ കുറ്റകൃത്യങ്ങളുടെ സാധ്യതയും മദ്യപാനം വർദ്ധിപ്പിക്കുന്നു. |
| സി) ഇല്ലെങ്കിൽ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് മദ്യപാനം വ്യക്തികളിൽ ഉണ്ടാക്കുന്ന ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ, കുടുംബബന്ധങ്ങളിലും സാമൂഹ്യ സമാധാനത്തിലും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് വിദഗ്ദ്ധ പഠനം നടത്തി വ്യക്തത വരുത്തുമോ? | സി) നിലവിലുള്ള പഠനങ്ങളുടേയും വിദഗ്ധ സമിതികളുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ ആരോഗ്യ രംഗത്തെ സുസ്ഥിര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഈ രംഗത്തെ വിദഗ്ധ സംഘത്തിന്റെ നിർദ്ദേശങ്ങളുടെ ഭാഗമായി മദ്യപാനത്തിനെതിരെയുള്ള ബോധവൽക്കരണത്തിനും ചികിത്സാ പദ്ധതികൾക്കും സർക്കാർ പരിഗണ നൽകിയിട്ടുണ്ട്. ഇതിന്റെ താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്.<br>ഇതിനുപുറമേ നിയമസഭാ സബ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള ആൽക്കഹോൾ സ്റ്റഡി എന്നൊരു പഠനം ഡോ.വിജയകുമാർ, ഡോ.വിധുകുമാർ, |

ഡോ.രാമൻകുട്ടി എന്നിവരുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. ഇതിന്റെ റിപ്പോർട്ട് നിയമസഭാ ഉപസമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

മദ്യപാനത്തിന്റെ വിവിധ സാമൂഹിക ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ വിശദമായ പഠനങ്ങൾ നടത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ